സൗജന്യമായി വീട് വെച്ചുകൊടുക്കൽ

153 (160) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി ഭൂമിയുള്ള ഒരു ലക്ഷം പേർക്ക് സൗജന്യമായി വീട് വെച്ചു കൊടുക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നുവോ ; എത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത് ; ലഭിച്ച മൊത്തം അപേക്ഷകൾ എത്ര ; എത്ര പേർക്ക് വീട് വെച്ച് നൽകുകയുണ്ടായി ; വിശദമാക്കുമോ ;

(സി) ഈ പദ്ധതിക്ക് മാത്രമായി ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്ര ; ഈ വർഷം എത്ര തുക ഇതിനകം ചെലവഴിച്ചു ;വിശദമാക്കുമോ ;

(ഡി) സ്വാതന്ത്ര്യദിനാഘോഷ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് മുഖ്യമന്ത്രി ഇപ്രകാരം ഒരു പദ്ധതി പ്രഖ്യാപിക്കുന്നതിന് മുൻപ് പദ്ധതി തയ്യാറാക്കുകയും പണം കണ്ടെത്തുകയും ചെയ്തിട്ടുണ്ടായിരുന്നുവോ ; മറിച്ച് നേരത്തെ നടപ്പാക്കി വരുന്ന പദ്ധതിയായിരുന്നുവോ പുതുതായി പ്രഖ്യാപിച്ചത് ;വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) " എല്ലാവർക്കും വീട് " എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി വിവിധ ഭവന നിർമ്മാണ പദ്ധതികൾ ഏകീകരിച്ച് ചെലവ് കുറഞ്ഞതും, ഉറപ്പുള്ളതും, പൂർവ്വ നിർമ്മിതി സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന് താൽപ്പര്യപത്രം ഇതിനോടകം തന്നെ KSIDC വഴി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതനുസരിച്ച് താൽപ്പര്യം പ്രകടിപ്പിച്ച അഞ്ച് കമ്പനികളിൽ നിന്ന് യോഗ്യതയുള്ളവരെ കണ്ടെത്താൻ ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) ഇല്ല. പെട്രോൾ, ഡീസൽ സെസിന്റെ 50% ഇതിനായി മാറ്റിവയ്ക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) നേരത്തെ തയ്യാറാക്കിയ പദ്ധതി അല്ല. ലക്ഷം വീട് നവീകരണം ഉൾപ്പെടെയുള്ള പുതിയ പദ്ധതി ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly